
HAPPY VOICE

# ഹാപ്പി വോയ്സ്

സന്തോഷധ്വനി

VOL.35 FEBRUARY 2023 No. 2

## നിത്യതയിൽ





സ്റ്റിവാർഡ്സ് അസോസിയേഷൻ
ഇൻ ഇൻഡ്യ- ബാംഗ്ളൂർ
മുൻ ജനറൽ സെക്രട്ടറി
**ശ്രീ. തോമസ് രാജൻ .**

ശ്രീ. തോമസ് രാജനുമായി രണ്ടര പതിററാണ്ടിലധികം ദൃഢമായ വ്യക്തി ബന്ധം കാത്തു സൂക്ഷിക്കുവാൻ ഈ ലേഖകനിടയായതിൽ ചാരിതാർത്ഥ്യമുണ്ട്. നിരവധി നല്ല സ്മരണകൾ ഉള്ളതോർത്ത് ഞാൻ ദൈവത്തിന് സ്തോത്രം ചെയ്യുന്നു.
ബന്ധുമിത്രാധികൾക്ക്
ഹാപ്പിവോയ്സിന്റെ പ്രത്യാശയോടുള്ള അനുശോചനങ്ങൾ.

( സൈമൺ പയ്യന്നൂർ )





# ബ്രദറൺ സഭയിലെ ചിലരുടെ മൂഢത്തരങ്ങൾ നാളെ ചിലർക്ക് ഒരു ആചാരമാകരുത്

ഇന്നലെ ചെയ്തോരബദ്ധം ഇന്നു മൂഢർക്കൊരാചാരമായി തീർന്നിരിക്കുന്നുവെന്ന കവി വാക്യം ബ്രദറൺ സമൂഹത്തിൽ സംഭവിക്കുന്നുവെന്നതിന്റെ ലക്ഷണങ്ങൾ ചിലയിടങ്ങളിൽ കണ്ടു തുടങ്ങിയിട്ടുള്ളത് ശുഭകരമായ കാര്യങ്ങളല്ല.

ചില ആഴ്ചകൾക്കു മുമ്പ് എറണാകുളം ജില്ലയിലെ രണ്ടു സ്ഥലങ്ങളിൽ ബ്രദറുകാരുടെയിടയിൽ നടന്ന രണ്ടു മൂഢത്തരങ്ങളുടെ ആരംഭമാണ് ഇതു കുത്തിക്കുറിക്കുവാൻ കാരണം. ഒന്ന്; മരിച്ച ഒരു വ്യക്തിയുടെ സ്മരണയ്ക്കായി മരണാനന്തര ബഹുമതിയായി വിശ്വാസികൾ എന്നു പറയപ്പെടുന്നവരുടെ മദ്ധ്യത്തിൽ കുടുംബത്തിനു ഒരു മൊമൻന്റോ കൊടുത്തു. മററുള്ളവർക്കു ഒരു പ്രചോദനമാകുവാനാണ് ഇതു ചെയ്തെന്നാണ് സംഘാടകരുടെ ന്യായം. അതായത് ഈ മൂഢത്തരം നാളെ മററുള്ളവർ അനുകരിക്കണമെന്നു സാരം. ഈ തിരുവചനവിരുദ്ധ പ്രവൃത്തി നാളെ ബ്രദറൺ സഭകളിലെ ചില മൂഢർ ഒരാചാരമാക്കിത്തീർക്കുവാൻ സാദ്ധ്യതയുമുണ്ട്.കൊടുത്തവർ ചില ഭൗതിക നേട്ടങ്ങൾ കണ്ടുകൊണ്ടാണ് ചെയ്തതെന്നു വ്യക്തം. മാത്രമല്ല ഇവരെ കുറിച്ചറിയാവുന്നവർ ആരും ഇതിൽ അതിശയിക്കുകയുമില്ല. രണ്ട്. ഒരു സുവിശേഷകന്റെ മരണം കഴിഞ്ഞ് ഒരാണ്ടു കഴിഞ്ഞപ്പോൾ ഒരു സഭ തന്നെ മുൻ കൈ എടുത്ത് പ്രസ്തുത സുവിശേഷകന്റെ സ്മരണ പുതുക്കൽ അഥവാ ഓർമ്മപ്പെരുന്നാൾ ചടങ്ങു നടത്തിയെന്നതാണ് ഏറെ ദുഃഖകരം. ഇത് സംഘടിപ്പിച്ചതാകട്ടെ ഒരു പ്രാദേശിക സഭയുടെ നേതൃത്വത്തിലും. സുവിശേഷകൻമാർ, മൂപ്പൻമാർ, ഒരു സംഘനയുടെ പ്രധാന ചുമതല വഹിക്കുന്ന വ്യക്തിയുമുണ്ടായിരുന്നുവെന്നതാണ് ചിന്തനീയം. ശേഷം വിഭവ സമൃദ്ധമായ ആഹാരവും ഉണ്ടായിരുന്നു. തീർന്നില്ല ഓരോ വർഷവും കല്ലറക്കൽ വില കൂടിയ പൂക്കൾകൊണ്ടുവെക്കുന്ന ബ്രദറൺകാരും നമ്മുടെയിടയിൽ ഉണ്ട്.

മരിച്ച വ്യക്തിയെക്കുറിച്ച് പ്രസ്തുത ചടങ്ങിൽ പറഞ്ഞ രണ്ടു കാര്യങ്ങൾ മാത്രം പറയാം. ഒന്ന്; മരിച്ച സുവിശേഷകൻ പറുദീസയിൽ ഇരുന്ന് എറണാകുളത്ത് നടക്കുന്ന ആണ്ടറുതി സ്മരണ നോക്കി സന്തോഷിക്കയാണ്. രണ്ട്ഃ മരണപ്പെട്ട സുവിശേഷകന്റെ ആത്മാവ് ഇവിടെ തന്നെയുണ്ട്. എവിടെയും പോയിട്ടില്ല. ഒരു സഭ നടത്തിയ ചടങ്ങിലാണ് ഈ വിഡ്ഢിത്തരം പറഞ്ഞത് എന്നു വായനക്കാർ മനസ്സിലാക്കുക. പക്ഷേ ഇതൊക്കെ കണ്ടിട്ടും സ്റേറജ്ജു പ്രസംഗകരായ കുറെ വിദ്വാൻമാരും എഴുത്തുകാരും മൗനം പാലിക്കുന്നതാണ് ഏറെ കഷ്ടം.

ഇതൊക്കെ കാണുന്ന ചില ബ്രദറൺ പ്രാഞ്ചിയേട്ടൻമാർ ഇനി മരണത്തിനു മുമ്പ് തന്നെ ഇങ്ങനെയൊക്കെ ചെയ്യണമെന്നു ചട്ടം കെട്ടിയാലും അതിശയിക്കാനില്ല. മരിച്ച സമയത്ത് അതിശോക്തി കലർന്ന വാക്കുകളാൽ മണിക്കൂറുകൾ ശവം വെച്ച് പലരെയും പൗലോസുമാരായും, ബർന്നബാസുമാരായും ദാനിയേലുമാരായും സ്മരിച്ചവരുടെ ബാക്കി പത്രമാണ് ഇത്തരത്തിലുള്ള മൊമൻന്റോയും ആണ്ടറുതി സ്മരണകളും. ഹാ- ബുദ്ധിയില്ലാത്ത ബ്രദറുകാരേ. ലജ്ജയില്ലേ. വചനം അറിയാവുന്നവർ ഇത്തര മൂഢത്തരത്തിനു ചുക്കാൻ പിടിച്ചത് ഞെട്ടിക്കുന്നതു തന്നെയാണ്. പിന്നെ ബ്രദറൺ സമൂഹത്തിലായതിനാൽ അതിശയിക്കാനുമില്ല. ബലേഭേഷ് എന്നു പറയുവാൻ ഇവർക്കും കുറേപേരെ കിട്ടും.

എത്രയെത്ര ആത്മീയരായ മഹാരഥൻമാർ ബ്രദറൺ സഭകളിലുണ്ടായിരുന്നു. അവർക്കാർക്കും ഇല്ലാത്ത ഒരു പ്രത്യേകത ആദരിക്കപ്പെട്ട വ്യക്തികളിൽ ഉണ്ടായിരുന്നില്ല എന്നു മൺമറഞ്ഞുപോയവരുടെ ഭൂതകാലവും,മരിക്കുന്നതുവരെയുള്ള വർത്തമാനകാലും അറിയാവുന്നവർക്കു വ്യക്തമാണ്. അതുകൊണ്ടായിരിക്കാം ഇങ്ങനെയെങ്കിലും ചെയ്ത് സായൂജ്യം അടഞ്ഞത്.

അപ്പോസ്തലനായ പൗലോസ് ഗലാത്യയിലെ വിശ്വാസികളോട് പറയുന്ന വാക്കുകൾ ഈ കാലത്ത് ബ്രദറൺ സമൂഹത്തിൽ മുഴങ്ങപ്പെടേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. നിങ്ങൾ ദിവസങ്ങളും മാസങ്ങളും ആണ്ടുകളും പ്രമാണിക്കുന്നു. ഞാൻ നിങ്ങൾക്കുവേണ്ടി അദ്ധ്വാനിച്ചതു വെറുതെയായി എന്നു ഞാൻ ഭയപ്പെടുന്നു. (ഗലാത്യർ 4ഃ10,11). എന്താണ് പൗലോസ് ഇതു പറയുവാൻ കാരണം. നിങ്ങൾ പിന്നെയും ബലഹീനവും ദരിദ്രവുമായ ആദിപാഠങ്ങളിലേക്കു തിരിഞ്ഞു അവെക്കു പുതുതായി അടിമപ്പെടുവാൻ ഇച്ഛിക്കുന്നത് എങ്ങനെ? ദൈവത്തെ അറിഞ്ഞവരും വിശേഷാൽ ദൈവം നിങ്ങളെ അറിഞ്ഞുമിരിക്കെ ഇങ്ങനെ ചെയ്യുന്നത് അക്ഷന്തവ്യമായ തെററായിട്ടാണ് ദൈവവചനം പറയുന്നത്. മാത്രമല്ല; മേൽപ്പറഞ്ഞ കാര്യങ്ങൾ ചെയ്യുന്നവർ ദൈവത്തെ അറിയാത്തവരും സ്വഭാവത്താൽ ദൈവങ്ങളല്ലാത്തവർക്കു അടിമപ്പട്ടവരുമെന്നാണ് പറഞ്ഞിരിക്കു ന്നത്. 4ഃ8.

പൗലോസ് ഗലാത്യയിലെ വിശ്വാസികളോട് ഇങ്ങനെ പറഞ്ഞെങ്കിൽ ഇന്നു പൗലോസുമാരെന്നു ചില ബലഹീന വിശ്വാസികൾ ധരിക്കയും അഭിനവ പൗലോസുമാരായി നടിക്കയും ചെയ്യുന്ന ചില സുവിശേഷകൻമാരും പ്രാദേശിക സഭാനേതൃത്വ തലങ്ങളിലിരിക്കുന്നവരും പരസ്യമായി തിരുവചന വിരുദ്ധമായ മൂഢത്തരങ്ങൾ ചെയ്യുവാൻ മുമ്പോട്ടുവരുന്നത് ചങ്ങലയ്ക്ക് ഭ്രാന്ത് പിടിച്ചുവെന്നതും വേലിതന്നെ വിളവ് തിന്നുന്നുവെന്നതിനു തുല്യമാണ്. ഇത്തരക്കാരെ തിരുവചനമാകുന്ന ചങ്ങലകളാൽ തളയ്ക്കുക തന്നെ വേണം.

യേശുകർത്താവൊഴികെ സ്മരിക്കുവാൻ യോഗ്യൻ വേറെ ആരുമില്ല. ഓരോ നിമിഷവും അതു തുടർന്നുകൊണ്ടിരിക്കുന്നു.യേശു കർത്താവിന്റെ രണ്ടാം വരവുവരെ അതു തുടരുകയും ചെയ്യും. നമുക്കു കർത്താവിനു സ്തോത്രവും സ്തുതികളുമാകുന്ന മൊന്റോ കൊടുക്കാം. അതു വാങ്ങുവാനും കൊടുക്കുവാനും ഈ ഭൂമിയിലെഒരു ആദാമിന്റെ സന്തതികൾക്കും അവകാശമില്ല.

ആവേശം കൊണ്ടു അധരങ്ങളിലൂടെ മൊഴിയുന്ന വാക്കുകൾ ദൈവശിക്ഷാവിധിക്കു കാരണമാകുമെന്നു മനസ്സിലാക്കുക. ഭൗതിക നേട്ടങ്ങൾ മുൻനിർത്തി ഇന്നു കാണിക്കുന്ന വിഡ്ഢിത്തരങ്ങൾ വിവേകരഹിതമായ പ്രവൃത്തികളായി തിരിച്ചറിയുന്ന ഒരു കൂട്ടം വിവേകമതികളും, തിരുവചന സത്യമറിയാവുന്ന ഒഴുക്കിനൊത്തു നീന്താത്തതുമായ ചെറിയ കൂട്ടം ആഗോള ബ്രദറൺ സമൂഹത്തിലുണ്ട്. അവരെ ഓർത്ത് ദൈവത്തിന് സ്തോത്രം ചെയ്യുന്നു. മൂഢത്തരം ചെയ്യുന്നവരെ മൂഢൻമാരായി തന്നെ കാണുക. **(SP)**

# നാം കർത്താവിന്റെ വേല ചെയ്യണം മരണത്തോളം തുടർച്ചയായി ചെയ്യണം

E.P.VARGHESE-ANGAMALY

നാം വേലക്കാരായിരിക്ക എന്നു പറഞ്ഞാൽ എപ്പോഴും വേല ചെയ്യുന്നവരായിരിക്ക എന്നാണ് സാരം. നമ്മുടെ പേരുതന്നെ വേലക്കാരൻ എന്നാ ണല്ലോ. വേല ചെയ്യുന്നിടത്തോളം സമയം മാത്രമെ യഥാർത്ഥത്തിൽ ഒരാൾ വേലക്കാരനായിരിക്കയുള്ളൂ. വെറുതെ വീട്ടിലിരിക്കുമ്പോഴും വേലക്കാരൻ എന്നു പേരുണ്ടായിരിക്കുമെങ്കിലും ആ പേരിനു അയാൾ യോഗ്യനായിരിക്കുന്നില്ല. കർത്താവിന്റെ വേലക്കാർ എപ്പോഴും വേലക്കാർ തന്നെയാണ്. അവർക്കു അവകാശ അവധിയോ, കാഷൽ ലീവോ ഒന്നുമില്ല. വേല ചെയ്യുന്നില്ലെങ്കിൽ എനിക്കു അയ്യോ കഷ്ടം എന്നു പൗലോസ് പറയുന്നു. യുദ്ധസേവയിൽ വിമോചനമില്ലെന്നുള്ളത് ഒരു അംഗീകൃത പ്രമാണമാണ്.

> നാം കർത്താവിന്റെ വേല ചെയ്യണം. അതു മരണത്തോളം തുടർച്ചയായി ചെയ്യണം. മാത്രമല്ല അതു അത്യുത്സാഹത്തോടെ ചെയ്യുകയും വേണം. യഹോ വയുടെ പ്രവൃത്തി ഉദാസീനതയോടെ ചെയ്യുന്നവൻ ശപിക്കപ്പെട്ടവൻ എന്നെഴുതിയിരിക്കുന്നു.

ഇക്കഴിഞ്ഞ യുദ്ധ കാലത്ത്, അച്ചനു സുഖമില്ല, അമ്മ ചാകാനിരിക്കുന്നു വേഗം വരണം എന്നിങ്ങനെയുള്ള എത്ര കത്തുകളാണ് അധികാര സ്ഥാനങ്ങളിലേക്കു പോയെന്നുള്ളതിനു വല്ല കണക്കുമുണ്ടോ. കാരണമെന്താണ്. യുദ്ധത്തിൽ സേവാ വിമോചനമോ അവധിയോ ഇല്ല. തുടർച്ച യായ വേലയാണ് അവർക്കുള്ളത്. അവ വിമോചനം ആഗ്രഹിക്കേണ്ടതല്ല. ഉറക്കെ വിളിക്ക, ഇളച്ചിരിക്കരുത്. കാഹളംപോലെ നിന്റെ ശബ്ദം ഉയർത്തി എന്റെ ജനത്തിനു അവരുടെ ലംഘനത്തെയും യക്കോബ് ഗൃഹത്തിനു അവരുടെ പാപങ്ങളെയും അറിയിക്ക എന്നുള്ളതാണ്. കർതൃദാസൻമാർക്കു ലഭിച്ചിട്ടുള്ള കല്പന. യരുശലേമിന്റെ മതിലിൻമേൽ ആക്കപ്പെട്ടിട്ടുള്ള കാവൽക്കാർ രാവോ പകലോ ഒരിക്കലും മിണ്ടാതിരിക്കയില്ല എന്നു പറയപ്പെട്ടിരിക്കുന്നു .അവർക്കു അടങ്ങിയിരിക്കുവാൻ കഴിയുന്നതല്ല. എപ്പോഴും അവ വിളിച്ചു പറഞ്ഞു കൊണ്ടേയിരിക്കും. രാത്രിയിൽ ദൈവത്തോടും പകൽ മനുഷ്യരോടും. യഹോവയെ ഓർപ്പിക്കുന്നവരെ നിങ്ങൾ മിണ്ടാതിരിക്കരുത്. എത്രത്തോളം. അവൻ യരുശലേമിനെ യഥാസ്ഥാനപ്പെടുത്തുവോളവും ഭൂമിയിൽ അവനെ പ്രശംസാ വിഷയമാക്കുവോളവും അവനു സ്വസ്ഥത കൊടുക്കരുതെന്നുള്ള കല്പനയാണ് കർത്താവ് അവർക്കു നൽകിയിട്ടുള്ളത്. കർത്താവിന്റെ ദാസൻമാർ ഇവിടെ അല്പം നിന്ന് ആലോചിക്കയില്ലേ.

നാം കർത്താവിന്റെ വേല ചെയ്യണം. അതു മരണത്തോളം തുടർച്ചയായി ചെയ്യണം. മാത്രമല്ല അതു അത്യുത്സാഹത്തോടെ ചെയ്യുകയും വേണം. യഹോവയുടെ പ്രവൃത്തി ഉദാസീനതയോടെ ചെയ്യുന്നവൻ ശപിക്കപ്പെട്ടവൻ എന്നെഴുതിയിരിക്കുന്നു. ഒരു കാലത്ത് അത്യുത്സാഹത്തോടെ പ്രവൃത്തിച്ചിരുന്നവരിൽ എത്രയാളുകൾ ഇന്നു ചൈതന്യരഹി തരായി ഭവിച്ചിരിക്കുന്നു. സുവിശേഷവേല പോലെ അത്രമാത്രം ഉത്സാഹത്തോടുകൂടെയും അത് പോലെ തന്നെ അത്രമാത്രം ഉദാസീനതയോടെയും ചെയ്യപ്പെടുന്ന മററൊരു വേലയും ഇല്ലെന്നു പറയേണ്ടി യിരിക്കുന്നു. കർത്താവ് തന്റെ ശിഷ്യൻമാരെ അയ ച്ചപ്പോൾ വഴിയിൽവെച്ചു ആരോടും വന്ദനം ചെയ്യുവാൻപോലും സമയം വിനിയോഗിക്കരുതെന്നും വേല വളരെയും വേലക്കാർ ചുരുക്കവുമാകയാൽ സമയം തക്കത്തിൽ ഉപയോഗിച്ചുകൊള്ളണമെന്നും ആജ്ഞാപിച്ചു. കർത്താവിന്റെ വേലക്കാർ എല്ലാം വേല ചെയ്യുന്നവരും മുടങ്ങാതെ വേല ചെയ്തു കൊണ്ടിരിക്കുന്നവരുമായിരിക്കുമെന്നു മാത്രമല്ല അത്യുത്സ്ഹാത്തോടു കൂടെ വേല ചെയ്യുന്നവരുമായിരിക്കും. കാരണം അവർ സ്വമേധാ വേലക്കാരാണ്.

വേലക്കാരൻ തന്റെ കൂലിക്കു യോഗ്യൻ തന്നെ സംശയമില്ല. എന്നൽ അവർ കൂലിയെ ഉദ്ദേശിച്ചല്ല വേല ചെയ്യുന്നത്. നിന്റെ സേനാ ദിവസത്തി ൽ അവർ നിനക്കു സ്വമേധ ദാനമായിരിക്കുന്നു എന്നു വായിക്കുന്നത് സത്യവേലക്കാരെക്കുറിച്ചാണ്.

കർത്താവിന്റെ വേല ഉദാസീനതയോടെ ചെയ്യുന്നവൻ ശപിക്കപ്പെട്ടവൻ എന്നു ദൈവ വചനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആരെ സംബന്ധിച്ചും വിശേഷാൽ കതൃദാസൻമാരെപ്പററിയും മടി ഒരു പാപമായിത്തന്നെ കരുതണം. വയലിൽപുലിയുണ്ട്. വഴിയിൽ സിംഹം പതിയിരിക്കുന്നു എന്നൊക്കെ പറഞ്ഞ് തങ്ങൾ പോയി നിർവഹിക്കേണ്ട കാര്യങ്ങളിൽ വീഴ്ച വരുത്തുന്നവർ ശ്രദ്ധിക്കേണ്ടുന്ന കാര്യങ്ങളാണിവയെല്ലാം. ഉഷസിന്റെ ഉദരത്തിൽ നിന്നു വരുന്ന യുവാക്കളായ സ്വമേധ വേലക്കാരുടെ അഭാവം ഇപ്പോൾ വ്യസനകാരണമാകുംവിധം വർദ്ധി ച്ചിരിക്കുന്നു. കതക് അതിന്റെ ചുഴിക്കുററിയിൽ തിരിയുന്നതു പോലെയാണ് മടിയൻമാർ എന്നൊരു വാക്യമുണ്ട്. ആ കൂട്ടത്തിൽ നിങ്ങളും ഉൾപ്പെടുമോ?

> ആരെ സംബന്ധിച്ചും വിശേഷാൽ കതൃദാസൻമാരെപ്പററിയും മടി ഒരു പാപമായിത്തന്നെ കരുതണം. കതക് അതിന്റെ ചുഴികുററിയിൽ തിരിയുന്ന തുപോലെയാണ് മടിയൻമാർ എന്നൊരു വാക്യമുണ്ട്. ആ കൂട്ടത്തിൽ നിങ്ങളും ഉൾപ്പെടുമോ?

# പെന്തക്കോസ്ത് നാളിലെ അനുഭവം ഇന്നുണ്ടോ?

S.G.GILBERT - ARAMADA

ഇന്നത്തെ കാലഘട്ടത്തിൽ നമുക്കു ചുററും അന്യഭാഷകൾ കേൾക്കുന്നുണ്ട്. അന്യഭാഷ സംസാരിക്കുന്ന സഭകളിൽ കേൾക്കുന്ന അന്യഭാഷ, പറയുന്ന ആൾക്കോ കേൾവിക്കാർക്കോ മനസ്സിലാകുന്നില്ല. പറയുന്ന അന്യഭാഷ കൂടിയിരിക്കുന്ന ചിലർക്കോ ആർക്കെങ്കിലും ഒരാളിനെങ്കിലും മനസ്സിലാകുകയും അവർ അതു കേട്ടിട്ട് ഇവൻ പറയുന്നത് ദൈവ ത്തിന്റെ വൻകാര്യങ്ങളെന്ന് തിരിച്ചറിഞ്ഞാൽ നമുക്ക് പെന്തക്കോസ്തനുഭവം ഇന്നും തുടരുന്നുവെന്നു പറയാം.

ക്രൈസ്തവരിൽ ഒരു കൂട്ടർ ഞങ്ങൾ പെന്തക്കോസ്ത് നാളിലെ അനുഭവം ഉള്ളവരാണ്. പെന്തക്കോസ്ത് നാളിലെ അനുഭവം ഇന്നും ആവർത്തിക്കപ്പെടുന്നു. ഞങ്ങൾ അങ്ങനെയുള്ളവർ ആണെന്ന് വളരെ ശക്തിയായി അവർ അവകാശവാദം മുഴക്കുന്നുണ്ട്. പെന്തക്കോസ്ത് നാളിലെ അനുഭവങ്ങൾക്ക് മുമ്പുള്ള ഏതെങ്കിലും സഭാ വിഭാഗത്തിൽ ഇന്നുണ്ടോ എന്ന് ഒരു പരിശോധന ചെയ്യാം. അത് അറിയണമെങ്കിൽ പെന്തക്കോസ്ത് നാളിൽ നടന്നത് എന്താണെന്ന് നോക്കാം.

## A. പെന്തക്കോസ്ത ദിനത്തിൽ നടന്നത് എന്താണ്? അ.പ്ര. 2:1-47.

കർത്താവ് സ്വർഗ്ഗാരോഹണ സമയത്ത് ശിഷ്യൻമാരോട് പറഞ്ഞത് അനുസരിച്ച് പരിശുദ്ധാത്മാവ് വരുന്നതുവരെ യെരുശലേമിൽ പാട്ടും പ്രാർത്ഥനയുമായി കഴിഞ്ഞു. പെന്തക്കോസ്ത് നാളിലുണ്ടായ സംഭവം അ.പ്ര. 2:1-13 വരെ പറഞ്ഞിരിക്കുന്നു. അവയുടെ രത്ന ചുരുക്കം താഴെ ചേർക്കുന്നു.

**1.** അവർ ഒരു സ്ഥലത്ത് കൂടിയിരുന്നു.

**2.** പെട്ടെന്ന് കൊടിയ കാററ് അടിക്കുന്നതുപോലെ ആകാശത്തു നിന്ന് ഒരു മുഴക്കം ഉണ്ടായി. വീടിന്റെ അകത്ത് നിന്നല്ല. അവർ ഇരുന്ന വീടിന്റെ മുകളിൽ ആകാശത്തിലാണ് മുഴക്കം ഉണ്ടായത്.

**3.** ആ മുഴക്കം അവർ ഇരുന്നിരുന്ന വീടു മുഴുവനും നിറച്ചു.

**4.** അഗ്നി ജ്വാലപോലെ പിളർന്നിരിക്കുന്ന നാവുകൾ അവർക്കു പ്രത്യക്ഷമായി. അവിടെ ഇരുന്നവർക്ക് തങ്ങൾ കേട്ടിട്ടില്ലാത്തതും പഠിക്കാത്തതുമായ ഭാഷയിൽ സംസാരിക്കുവാനുള്ള കഴിവ് പരിശുദ്ധാത്മാവ് നൽകി.

**5.** അവരിൽ ഓരോരുത്തന്റെമേൽ പതിഞ്ഞു.

**6.** എല്ലാവരും പരിശുദ്ധാത്മാവ് നിറഞ്ഞവരായിത്തീർന്നു. കൂടിയിരുന്ന എല്ലാവർക്കും ആത്മസ്നാനം ലഭിച്ചു.

**7.** അവർ അന്യഭാഷയിൽ സംസാരിച്ചു തുടങ്ങി. അവർ പഠിക്കാത്തതും കേട്ടിട്ടില്ലാത്തതുമായ ഭാഷയിൽ സംസാരിച്ചു. അവർ കേവലം ചില വാക്കുകളോ അപശബ്ദങ്ങളോ അല്ല, മനുഷ്യർക്ക് മനസ്സിലാകുന്ന നിലയിൽ തെളിവായ ഭാഷയാണ് അവിടെ സംസാരിച്ചത്.

## B. അന്ന് സംസാരിച്ച അന്യഭാഷ കുടിവന്നവർക്ക് മനസ്സിലായോ ഇല്ലയോ?

അവർ ഇരുന്നിരുന്ന മാളിക മുറിയുടെ മുകളിൽ ആകാശത്തുണ്ടായ വലിയ മുഴക്കം കേട്ടിട്ടാണ് പെന്തക്കോസ്ത് പെരുന്നാളിനായി വന്നവർ അവിടെ തടിച്ചു കൂടിയത്.

### 1. ഏതെല്ലാം ഭാഷക്കാർ അവിടെയുണ്ടായിരുന്നു.

പർത്ഥ്യർ, മേദ്യർ, ഏലാമ്യർ, മെസോപ്പൊത്താമ്യർ, യഹൂദ്യർ, കപ്പദോക്യക്കാർ, പൊന്തോസ്, ആസ്യ, ഫ്രുഗ്യ, പംഫുല്യ, മിസ്രയീം, കുറേന, ലിബിയ, റോമയിൽ നിന്നുള്ളവർ,യഹൂദ മതാനുസാരികൾ, ക്രേത്യർ, അറബികൾ, ഗലീലക്കാർ എന്നിങ്ങനെ 18 ഭാഷക്കാർ അവിടെ കൂടിയിരുന്നു.

### 2. അന്യഭാഷയിൽ സംസാരിച്ചത് ആരുടെ ഭാഷയിലാണ്.

മാളിക മുറിയുടെ അകത്തിരുന്നവരാണ് അന്യഭാഷയിൽ സംസാരിച്ചത്. പുറത്ത്18-ാളം ഭാഷക്കാർ കൂടി നില്ക്കുകയാണ്. അകത്ത് അന്യഭാഷകളിൽ സംസാരിക്കുന്നത് പുറത്തു നിന്ന് കേട്ടവർക്ക് വ്യക്തമായി മനസ്സിലായി. മനസ്സിലാകണമെങ്കിൽ വ്യക്തമായ മാനുഷിക ഭാഷയായിരിക്കണം. പുറത്തു നിന്നവരുടെ ഭാഷയിലാണ് അകത്തുള്ളവർ സംസാരിച്ചത്.

വന്നു കൂടിയവരുടെ വാക്കുകൾ ശ്രദ്ധിക്കുക. ഓരോരുത്തൻ താന്താന്റെ ഭാഷയിൽ അവർ സംസാരിക്കുന്നതു കേട്ട് അമ്പരന്നുപോയി. പിന്നെ നാം ഓരോരുത്തൻ ജനിച്ച നമ്മുടെ സ്വന്തഭാഷയിൽ അവർ സസാരിച്ചു കേൾക്കുന്നത് എങ്ങനെ. അ.പ്ര. 2:4-8. ഈ വേദഭാഗത്തു നിന്നും വ്യക്തമായി ഗ്രഹിക്കാവുന്ന വസ്തുതകൾ ചുവടെ ചേർക്കുന്നു.

a. ലോകത്തിൽ നിലനില്ക്കുന്ന ഭാഷയിലാണ് അന്യഭാഷയിൽ സംസാരിച്ചത്.

b. വിവിധ ദേശങ്ങളിൽ നിന്നും വന്നു കൂടിയവരുടെ ഭാഷകളിലാണ് സംസാരിച്ചത്.

c. കേവലം ഒരുഭാഷയിൽ മാത്രമല്ല സംസാരിച്ചത്.

d. തങ്ങൾ ജനിച്ചു വളർത്തപ്പെട്ട അവരവരുടെ പ്രാദേശികഭാഷകളിലാണ് അന്യഭാഷ

➲5

## പെന്തക്കോസ്ത് നാളിലെ അനുഭവം ഇന്നുണ്ടോ?

പറയുന്നവർ സംസാരിച്ചത്.

e. അന്യഭാഷയിൽ സംസാരിച്ചവർ പറഞ്ഞത് എന്താണെന്ന് കേട്ടവർ പറഞ്ഞത് ഇങ്ങനെയാണ്. ഈ നമ്മുടെ ഭാഷയിൽ അവർ ദൈവത്തിന്റെ വൻ കാര്യങ്ങളെ പ്രസ്താവിക്കുന്നത് കേൾക്കുന്നുവല്ലോ എന്നു പറഞ്ഞു. അപ്ര. 2:11. അവിടെ വന്നു കൂടിയ 18-ാളം ഭാഷക്കാർക്ക് അന്യഭാഷയിൽ സംസാരിക്കുന്നത് ദൈവത്തിന്റെ വൻ കാര്യങ്ങൾ എന്നു മനസ്സിലായി.

f. മനസ്സിലാകാത്ത ഒരു കൂട്ടർ ഉണ്ടായിരുന്നു. അ.പ്ര.2:13.

പുതുവീഞ്ഞു കുടിച്ചിട്ട് പറയുന്നതാണ് ഈ ഭാഷയെന്ന് പരിഹസിച്ച ഒരുകൂട്ടർ അവിടെ കാണുന്നു. അവർ മററാരുമല്ല. അവിടുത്തെ സാധാരണക്കാരായ ഗലീലക്കാർ. അവർ ഈ വലിയ മുഴക്കം കേട്ട് അവസാനം ഓടിക്കൂടിയവരാണ്. അവരുടെ പ്രാദേശിക ഭാഷയിൽ അതുവരെ ഒന്നും ആരും സംസാരിച്ചില്ല. പത്രോസ് തുടർന്ന് പ്രാദേശികഭാഷയിൽ സംസാരിച്ചു.പ്ര പ്രസംഗിച്ചു. അപ്പോൾ വന്നു കൂടിയ യെഹൂദൻമാർക്കും പ്രാദേശികളായ ഗലീലക്കാർക്കും ഒന്നുപോലെ മനസ്സിലായി. 3000 പേർ രക്ഷിക്കപ്പെട്ട് ക്രൈസ്തവ സഭയുടെ അംഗങ്ങളായി മാറി.

### 3. കൂട്ടമായ അന്യഭാഷാ ഭാഷണമാണോ ഓരോരുത്തർ സംസാരിച്ചതാണോ.

പതിനെട്ടോളം ഭാഷക്കാർ അവിടെ കൂടിയിരുന്നു. അവിടെ പറഞ്ഞ അന്യഭാഷയുടെ രീതിയെക്കുറിച്ച് വ്യത്യസ്ത ചിന്താഗതിയാണുള്ളത്.

1. ആരോ ഒരാൾ ഏതോ ഒരു... അന്യഭാഷയിൽ പറഞ്ഞു. അതു കേട്ട 18 ഭാഷക്കാർക്ക് അവരവരുടെ ഭാഷകളിൽ മനസ്സിലായി.

2. എല്ലാവരും കൂടി ഒന്നിച്ച് കൂട്ടമായി അന്യഭാഷകളിൽ സംസാരിച്ചു. കേട്ടവർക്ക് അവരവരുടെ ഭാഷയിൽ മനസ്സിലായി.

3. പരിശുദ്ധാത്മാവിന്റെ ആഗമനത്തിൽ എല്ലാവരുടെമേലും പരിശുദ്ധാത്മാവ് വ്യാപരിച്ചു. പരിശുദ്ധാത്മാവ് ശക്തിയുടെ, സ്നേഹത്തിന്റെയും, സുബോധത്തിന്റെയും ആത്മാവാണ്. കൂട്ടമായ അന്യഭാഷ പറഞ്ഞ ആർക്കും ഒരു ഭാഷയിൽ ഗ്രഹിക്കാൻ കഴിഞ്ഞില്ല. അന്യഭാഷാ ഭാഷണത്തിന് പൗലോസ് കൊടുക്കുന്ന നിയന്ത്രണം ശ്രദ്ധേയമാണ്. അന്യഭാഷയിൽ സംസാരിക്കുന്നുവെങ്കിൽ രണ്ടുപേരോ ഏറിയാൽ മൂന്നു പേരോ ആകട്ടെ. അവർ ഓരോരുത്തരായി സംസാരിക്കയും ഒരുവൻ വ്യാഖ്യാനിക്കയും



ചെയ്യട്ടെ.14:27.

ഇതിൽ മൂന്നാമത്തെ രീതിയാണ് തിരുവെഴുത്തുമായി നിരക്കുന്നത്. അങ്ങനെയാണെങ്കിൽ അവർ ഓരോരുത്തരായി അന്യഭാഷ സംസാരിക്കയും ഓരോ ഭാഷക്കാർക്കും മനസ്സിലാകയും ചെയ്തു. കേൾവിക്കാർ എല്ലാവർക്കും അതു വ്യക്തമായി മനസ്സിലായി. ഭാഷയെന്നത്. ആശയ വനിമയത്തിനുള്ളതാണ്. മനുഷ്യന് മനസ്സിലാകുന്നതും കേൾവിക്കാരുടെ ഭാഷയിലുമായിരുന്നു അതു കേട്ട അന്യഭാഷ.


### ഇന്നുകേൾക്കുന്ന അന്യഭാഷകൾ പെന്തക്കോസ്തനുഭവമോ.

ഇന്നത്തെ കാലഘട്ടത്തിൽ നമുക്കു ചുററും അന്യഭാഷകൾ കേൾക്കുന്നുണ്ട്. അന്യഭാഷ സംസാരിക്കുന്ന സഭകളിൽ കേൾക്കുന്ന അന്യഭാഷ പറയുന്ന ആൾക്കോ കേൾവിക്കാർക്കോ മനസ്സിലാകുന്നില്ല. പറയുന്ന അന്യഭാഷ കൂടിയിരിക്കുന്ന ചിലർക്കോ ആർക്കെങ്കിലും ഒരാളിനെങ്കിലും മനസ്സിലാകുകയും അവർ അതു കേട്ടിട്ട് ഇവൻ പറയുന്നത് ദൈവത്തിന്റെ വൻ കാര്യങ്ങളെന്ന് തിരിച്ചറിഞ്ഞാൽ നമുക്ക് പെന്തക്കോസ്തനുഭവം ഇന്നും തുടരുന്നുവെന്നു പറയും.

അങ്ങനെ ഒരു സംഭവം കഴിഞ്ഞ കാലഘട്ടത്തിൽ ഒരിടത്തും അന്യഭാഷക്കാരുടെയിടയിൽ നടന്നതായി രേഖയില്ല. അങ്ങനെയെങ്കിൽ നാം എന്താണ് മനസ്സിലാക്കുന്നത്. പെന്തക്കോസ്തനുഭവം ഇന്ന് ആവർത്തിക്കപ്പെടുന്നില്ല. നിന്നു പോകുമെന്നു പറഞ്ഞിരിക്കുന്ന കൂട്ടത്തിൽ ഭാഷാവരവും ഉൾപ്പെടുന്നുവെന്ന് നാം ഗ്രഹിക്കണം. പെന്തക്കോസ്തനുഭവം. ഇന്നും ആവർത്തിക്കുന്നുവെന്നു ചിന്തിക്കുന്നവർ എത്രയും വേഗം ഒരു പുനർ പരിശോധന ആവശ്യമായിരിക്കുന്നു. ദൈവം സഹായിക്കുമാറാകട്ടെ.

ഏതു ഭാഷയിൽ
എഴുതപ്പെട്ടിരുന്നാലും
ഒരോരുത്തരും
വേദപുസ്തകം
വായിക്കേണ്ടതാണ്.
തീർച്ചയായും
വായിച്ചിരിക്കേണ്ടതാണ്.

-പ്രസിഡണ്ട് കെന്നഡി




## മരണമൊഴികൾ

ഞാൻ മരിക്കുമ്പോൾ കല്ലറയൊന്നും കെട്ടിപൊക്കേണ്ട ആവശ്യമില്ല. അവിടെ സാധുകൊച്ചുകുഞ്ഞുപദേശിയുടെ മൺകൂടാരം,ആത്മാവ് നക്ഷത്രഗോളങ്ങൾക്കപ്പുറം കർത്താവിനെ എതിരേല്ക്കാൻ പോയിരിക്കുന്നു. കർത്താവിന്റെ രണ്ടാമത്തെ വരവിൽ വീണ്ടും നമുക്ക് ഒരുമിച്ചു കാണാം. -സാധുകൊച്ചുകുഞ്ഞുപദേശി



# എന്താണ് സുവിശേഷം?

N.S.SAMUEL -MYLAPRA

സുവിശേഷം യേശുക്രിസ്തുവിൽ മാത്രം കേന്ദ്രീകരിക്കപ്പെട്ടിരിക്കുന്നു. എല്ലാ കിരണങ്ങളും സംഗമിക്കേണ്ടത് യേശുക്രിസ്തുവിൽ. എല്ലാ കിരണങ്ങളും ബഹിർഗമിക്കേണ്ടതും യേശുക്രിസ്തുവിൽ നിന്ന്. മനുഷ്യ നിർമ്മിത കഥകളോ വ്യാജ രേഖകളി ൽ പ്രതിപാദിക്കപ്പെട്ടിരിക്കുന്ന വികല ആശയ സമുന്നയങ്ങളോ സുവിശേഷത്തിൽ കലർത്തുന്നതിന് സുവിശേഷത്തോട് സംയോജിപ്പിച്ച് അവതരിപ്പിക്കുന്നതിനോ പാടില്ല.

സുവിശേഷീകരണം എന്ന ദൈവിക പദ്ധതിയെ മനുഷ്യൻ തങ്ങളുടെ ഇച്ചഛാനുസരണം മാനുഷവത്ക്കരിക്കുന്നത് ഇക്കാലങ്ങളിൽ അസാധാരണമാം വിധം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. പലരും സുവിശേഷത്തെ ഒരു ആദായ മാർഗ്ഗമായി മാററിയിരിക്കുന്നു. എളുപ്പത്തിൽ ധനികരാകുന്നതിനുള്ള മാർഗ്ഗമായി സുവിശേഷകൻ എന്ന ശീർഷകം പലർക്കും പ്രയോജനീഭവിക്കപ്പെടുന്നു. ഇങ്ങനെയുള്ളവരുടെ പൊതു സാന്നിദ്ധ്യം തന്നെ നല്ല ഉദ്ദേശത്തോടെ സുവിശേഷീകരണത്തിന് ഇറങ്ങി തിരിച്ചവരെയും അപമാനിതരാക്കിത്തീർക്കുന്നു.

സുവിശേഷം എന്ന വാക്കിന്റെ വാച്യാർത്ഥം സദ്വർത്ഥമാനം എന്നാണല്ലോ. ഈ വാക്ക് തിരുവചനത്തിൽ 70 ലധികം പ്രാവശ്യം വായിക്കുവാൻ സാധിക്കുന്നു. സുവിശേഷീകരണം കൊണ്ട് ഉദ്ദേശിക്കുന്ന പരമമായ ലക്ഷ്യം ദൈവത്തിൽ നിന്നകന്നുപോയ മനുഷ്യ വർഗ്ഗത്തെ ദൈവത്തോടുള്ള സംസർഗ്ഗത്തിൽ പുനസ്ഥാപിക്ക എന്നതാണ്. നിയതമായി പറഞ്ഞാൽ സുവിശേഷം എന്നത് യേശുക്രിസ്തുവിനെകുറിച്ചുള്ള നല്ല വാർത്തയാണ്. യേശുക്രിസ്തു ആരാകുന്നുവെന്നും അവൻ എന്തു ചെയ്തിരിക്കുന്നുവെന്നും സുവിശേഷം പറയുന്നു. യേശു എന്ന വാക്കിന്റെ അർത്ഥം തന്നെ രക്ഷകൻ എന്നാണ്.

യേശുക്രിസ്തുവിന്റെ ജനനത്തിനു മുമ്പ് ദൈവദൂതൻ പറഞ്ഞ വാക്കുകൾ മത്തായി 1:21-ൽ ഇങ്ങനെ വായിക്കുന്നു. അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്നു രക്ഷിപ്പാനിരിക്കകൊണ്ടു അവനു യേശു എന്നു പേരിടണം. മാത്രമല്ല, ദൈവം മനുഷ്യരുടെ കൂടെ എന്നർത്ഥമുള്ള ഇമ്മാനുവേൽ എന്ന പേരുമുണ്ട്. മത്താ.1:22. യെശ 7:14. മനുഷ്യരെ അവരുടെ പാപങ്ങളിൽ നിന്നും രക്ഷിക്കുന്നതിനു വേണ്ടി ദൈവം മനുഷ്യനായി രക്ഷകനെന്ന പേരിൽ ഭൂമിയിൽ വന്നു. അതാണ് ക്രിസ്തു യേശു. 1 തിമൊ 1:15. ലൂക്കൊ :10,11. സുവിശേഷത്തെക്കുറിച്ച് പൗലോസ് ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു. ദാവീദിന്റെ സന്തതിയായി ജനിച്ചു മരിച്ചിട്ട് ഉയിർത്തെഴുന്നേററിരിക്കുന്ന യേശുക്രിസ്തുവ ിനെ ഓർത്തു കൊൾക. അതാകുന്നു എന്റെ സുവിശേഷം. 2 തിമൊ 2:8.

പൗലോസ് അപ്പോസ്തലൻ തനിക്ക് ലാഭമായിരുന്നതൊക്കെയും ക്രിസ്തുമൂലം ചേതം എന്നെണ്ണി. സുവിശേഷം ലജ്ജ കൂടാതെ പ്രസംഗിച്ചു. യേശുക്രിസ്തുവിന്റെ ജനനത്തിലെ നിസ്തുല്യതയെ അവൻ ആർക്കുവേണ്ടി ശാപ മരണം സഹിച്ചുവെന്നതും മരിച്ചടക്കപ്പെട്ടവൻ മൂന്നാം നാളിൽ ഉയിർത്തെഴുന്നേററതിൽ കൂടി സാധിച്ച ദൈവീക രക്ഷാ പദ്ധതിയുടെ മഹത്തായ ആസൂത്രണ മികവും ശ്രോതാക്കളിൽ എത്തിക്കാൻ സുവിശേഷം അറിയിക്കുന്നവർ ബാദ്ധ്യസ് ഥ രാണ്.

യേശുക്രിസ്തു അത്ഭുതങ്ങളും അടയാളങ്ങളും സന്ദർഭോചിതമായി പ്രവർത്തിച്ചിട്ടുണ്ട്. വെള്ളം വീഞ്ഞാക്കി. മരിച്ചവരെ ഉയിർപ്പിച്ചു. കുഷ്ഠരോഗികളെ സൗഖ്യമാക്കി. അന്ധർക്ക് കാഴ്ച നൽകി. പക്ഷവാദക്കാരനെ സൗഖ്യമാക്കി. പ്രക്ഷുബ്ദമായ കടലിനെ ശാന്തമാക്കി. വെള്ളത്തിൻമേൽ നടന്നു... എന്നാൽ തന്റെ ലോകത്തിലേക്കുള്ള വരവിന്റെ ലക്ഷ്യം അത്ഭുതങ്ങൾ, അടയാളങ്ങൾ പ്രവർത്തിക്ക എന്നതായിരുന്നില്ല. മനുഷ്യരെ അവരുടെ പാപങ്ങളിൽ നിന്നും രക്ഷിക്കുന്നതിനു വേണ്ടിയാണ് ദൈവം മനുഷ്യനായി യേശു എന്ന പേരിൽ അവതരിച്ചത്. മത്തായി 1:21. ക്രിസ്തു യേശു പാപികളെ രക്ഷിപ്പാൻ ലോകത്തിൽ വന്നുവെന്നുള്ളത് വിശ്വാസ്യവും എല്ലാവരും അംഗീകരിപ്പാൻ യോഗ്യവുമായ വചനം തന്നെ.1 തിമൊ 1:15.


ഈ വചനം ശക്തമയി അറിയിക്കയാണ് സുവിശേഷം അറിയിക്കുന്നവന്റെ കർത്തവ്യം. കെട്ടുകഥകളും അത്ഭുതരോഗശാന്തി ശുശ്രൂഷ എന്ന പേരിൽ തിരക്കഥയ്ക്കനുസരിച്ച് അഭിനയത്തിൽ കൂടി ശ്രോതാക്കളെയും കാണികളെയും സർവോപരി ദൈവത്തെയും വഞ്ചിക്കുന്ന കലാപരിപാടി നടത്തുന്നവരുടെ ലക്ഷ്യം ചിലർക്ക് ഉദരപൂരണവും വേറെ ചിലർക്ക് സമ്പത്ത് വർദ്ധനാമാർഗ്ഗവുമാണെന്നതിനു സംശയമില്ല. ലോകത്തിലുള്ള സകല മനുഷ്യരടെയും പാപപരിഹാരാർത്ഥമാണ് യേശുക്രിസ്തു കാൽവറി ക്രൂശിൽ യാഗമായിത്തീർന്നത്. പാപികളായ മനുഷ്യരുടെമേൽ ചൊരിയപ്പെട്ട ദൈവത്തിന്റെ അളവററ കൃപയാണ് ഇവിടെ ദർശിക്കുന്നത്. സകല മനുഷ്യർക്കും രക്ഷാകരമായ ദൈവകൃപ ഉദിച്ചുവല്ലോ തീത്തോസ് 2:11.നിർമ്മല സുവിശേഷം കേൾക്കുന്ന ശ്രോതാക്കളിൽ പരിശുദ്ധാത്മാവ് പാപബോധം വരുത്തും. സുവിശേഷം ശ്രദ്ധാപൂർവം കൈക്കൊള്ളുന്നവരും പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ബോധം വരുത്തുന്ന ദൈവാത്മാവ് പ്രവർത്തനം തുടരും. യോഹന്നാൻ 16:8. ആകർഷകമായ പരിപാടികളിൽ കൂടി സംഘാടകർ നിർദ്ദേശിക്കുന്ന വേദിക്കടുത്ത് വിശ്വാസികളെ കൂട്ടിവരുത്തി നടത്തുന്ന സുവിശേഷ മഹായോഗങ്ങൾ സുവിശേഷം എന്ന മഹായത്ന

➲7

## എന്താണ് സുവിശേഷം?

ത്തിന് എത്ര മാത്രം പ്രയോജനീഭവിക്കുന്നുവെന്നതു ചിന്തിക്കേണ്ടിയിരിക്കുന്നു. കാരണം ഇത്തരം കൂടിവരവുകളിൽ അവിശ്വാസികൾ തുലോം ചുരുക്കമായിരിക്കും. ചിലപ്പോൾ ആരും തന്നെകാണില്ല. സുവിശേഷ യോഗങ്ങളിലെ പ്രസംഗകർ സുവിശേഷം പറയാത്തതും ഒരു പക്ഷേ അതുകൊണ്ടാകാം.

സുവിശേഷത്തിന്റെ ഉദ്ദേശം യേശുക്രിസ്തുവിലും യേശുക്രിസ്തുവിൽ കൂടിയും ദൈവം നിവർത്തിച്ച നല്ല വാർത്ത സകല ജനത്തെയും വിളിച്ചറിയിക്ക എന്നതാണ്. ജനം ഈ നല്ല വാർത്തകേട്ട് മാനസാന്തരപ്പെടുന്നതിന് ഇടയാകും. മനുഷ്യന്റെ കഴിവു കൊണ്ടോ ,ധനം കൊണ്ടോ, പുണ്യകർമ്മം കൊണ്ടോ, ദാനധർമ്മാദികൾ കൊണ്ടോ മററ് യാതൊരു പ്രവൃത്തി കൊണ്ടോ ഒരു കാലത്തും നേടുവാൻ സാധിക്കാത്ത നിത്യ നാശത്തിൽ നിന്നുള്ള വിടുതൽ യേശുക്രിസ്തുവിലുള്ള വിശ്വാസത്താൽ ക്ഷിപ്രസാദ്ധ്യം എന്നതാണ് ഈ സദ്വർത്ഥമാനത്തിന്റെ പ്രത്യേകത. പാപികൾക്കു പാപബോധം ഉണ്ടായി മാനസാന്തരപ്പെട്ട് നിത്യനാശത്തിൽ നിന്ന് വിടുതൽ പ്രാപിച്ച് നിത്യ രക്ഷയുടെ അവകാശികളായിത്തീരത്തക്കവണ്ണം നമ്മുടെ സുവിശേഷീകരണം പ്രയോജനീഭവിക്കട്ടെ. സുവിശേഷം അറിയിക്കുന്നവർ. മനുഷ്യൻ പാപിയാണെന്നും പാപത്തിന്റെ ഫലം ദൈവീക നിത്യനരക ശിക്ഷ എന്ന ന്യയവിധി എന്നും ശ്രോതാക്കളുടെ ഹൃദ




യത്തിൽ കുത്തുകൊള്ളത്തക്കവിധം അറിയിക്കേണ്ടതാണ്.

എന്നാൽ സ്നേഹവാനായ ദൈവം മനുഷ്യരെ സനേഹിക്കുന്നതുകൊണ്ട് മനുഷ്യ രക്ഷയ്ക്കൊരുക്കിയ രക്ഷാ മാർഗ്ഗമാണ് യേശുക്രിസ്തവിന്റെ കാൽവറി മരണം മൂലം സാധിച്ചത് എന്നും വ്യകതമാക്കേണ്ടതാണ്. ഒരു പാപി ഏല്ക്കേണ്ടതായ ശിക്ഷാവിധി മുഴുവനായി ദെവം യേശുക്രിസ്തുവിന്റെമേൽ ചുമത്തി. പാപിയെ മരണത്തിൽനിന്നും വിടുവിച്ചിരിക്കുന്നു. ഇനിമേൽ ശിക്ഷാവിധിയില്ല. ഇതാണ് സുവിശേഷം. ഇതാണ് സദ്വർത്തമാനം. ഇതിൽപരം മനുഷ്യനു ആവശ്യമുള്ള നല്ല വാർത്ത എന്ത്.

## ചിന്താ രത്നങ്ങൾ

ഒരു കാരണവശാലും നിരാശയ്ക്കും സംഭ്രമത്തിനും വഴിപ്പെടരുത്. സംഭ്രമം കീഴ്ോട്ടുള്ള ചരിവാണ്.

-ലെനിൻ

## പഴമൊഴി


- ദൈവം നിങ്ങളുടെ പാപങ്ങളെ ക്ഷമിക്കും, എന്നാൽ നിങ്ങളുടെ നാഡി ഞരമ്പുകൾ അതു ക്ഷമിക്കുകയില്ല.
- സഭ വിശുദ്ധൻമാരുടെ ക്ളബല്ല.പ്രത്യുത പാപികൾക്കുവേണ്ടിയുള്ള ആശുപത്രിയാണ്.

## നിങ്ങൾക്കറിയാമോ?

ദൈവം ഭരിക്കുന്നതിനു പകരം മനുഷ്യൻ സഭയെ ഭരിക്കുന്നതാകയാൽ അതിന്റെ അന്തം പരാജയമായിരിക്കും. ആത്മനിറവിൽശുശ്രൂഷയ്ക്കല്ലാതെ, കലാലയാഭ്യസന ശുശ്രൂഷയ്ക്ക് അത്ഭുതമൊന്നും പ്രവർത്തിക്കാനാകില്ല.

## ഗാനക്വിസ് 265

ആർക്കും പങ്കെടുക്കാം.താഴെ എഴുതിയിരിക്കുന്ന ഗാനം ആത്മീയ ഗീതത്തിലുള്ളതാണ്. ഈ ഗാനത്തിന്റെ തുടക്കം ഏത് ? ഉത്തരങ്ങൾ ഫെബ്രുവരി 25 നു മുമ്പ് താഴെ കാണുന്ന വിലാസത്തിൽ അയക്കുക.



**ഗാനം:**

തൻ ക്രൂശിൽ ഞാനും ഹാ മരിച്ചു- നിത്യമാം...

**ഗാനക്വിസ് 264-ന്റെ ഉത്തരം**

**ജീവനാം എൻ യേശുവേ നമോ...**

**രചയിതാവ്: ....... ടി.ജെ.വർക്കി**

**വിജയികൾ**

1. Varghese George-Jabalpur
2. N.S.Samuel - Mylapra
3. Dixon Abraham-Vyttila
4. Blessy Benoy Mon-Angamaly
5. Thankamma Varghese-Aranmula

*Send your Answer:*

**What's App No - 9825169406 OR E-mail: payyanursimon@gmail.com**

“നൻമയും ന്യായവും സത്യവും” പ്രവർത്തിക്കുന്ന

# യെഹസ്ക്കിയാവുമാരെ ബ്രദറൺ സമൂഹത്തിനാവശ്യം (29)

(2. ദിനവൃത്താന്തം 29,30,31,32)

SIMON PAYYANUR

ഹിസ്ക്കിയാവിനു തെററു പററിയെങ്കിലും തിരുത്തുവാൻ താൻ തയ്യാറായി എന്നതാണ് നാം കഴിഞ്ഞ ലക്കത്തിൽ ചിന്തിച്ചത്. തുടർന്ന് വായിക്കുക.

## യെഹസ്ക്കിയാവിന്റെ ഭൗതിക നൻമകൾ; വ്യവസ്ഥയ്ക്ക് വിരുദ്ധമായ മാർഗ്ഗങ്ങളിലൂടെ സമ്പാദിച്ചതല്ല

**(2.ദിന.32:27-30)).**

യെഹിസ്ക്കിയാവിനു അനവധി ഭൗതിക നൻമകൾ ഉണ്ടായിരുന്നു. ഭൗതിക നൻമകളോടൊപ്പം മാനവും ഉണ്ടായിരുന്നു. അവയെക്കുറിച്ചുള്ള ഒരു വിവരണമാണ് 27-മുതൽ 30 വരെയുള്ള വാക്യങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

1.ധനം, വെള്ളി,പൊന്നു,രത്നം,സുഗന്ധവർഗ്ഗം.
2.പരിച, സകലവിധ മനോഹര വസ്തുക്കൾക്കായി ഭണ്ഡാരഗൃഹങ്ങൾ.
3.ധാന്യം, വീഞ്ഞ്,എണ്ണ എന്നിവയ്ക്കായി പാണ്ടിക ശാലകൾ.
4.സകലവിധ മൃഗങ്ങൾക്കായി പുരകൾ.
5.ആടുകൾക്കായി തൊഴുത്തുകൾ.
6.ജല ലഭ്യത: ഗീഹോൻ വെള്ളത്തിന്റെ മേലത്തെ ഒഴുക്കു തടുത്തു ദാവീദിന്റെ നഗരത്തിന്റെ പടിഞ്ഞാറേ ഭാഗത്തു താഴോട്ടു വരുത്തി.

ഇതൊന്നും വ്യവസ്ഥയ്ക്ക് വിരുദ്ധമായ മാർഗ്ഗങ്ങളിലൂടെ സമ്പാദിച്ചതല്ലെന്നു വ്യക്തം. കാരണം, ദൈവം അവനു അനവധി സമ്പത്തുകൊടുത്തിരുന്നതുകൊണ്ട് അവൻ പട്ടണങ്ങളെയും ആടുമാടു കൂട്ടങ്ങളെയും വളരെ സമ്പാദിച്ചു. വാക്യം 29).

അതുകൊണ്ടാണ് യെഹസ്ക്കിയാവ് തന്റെ സകല പ്രവൃത്തികളിലും കൃതാർത്ഥനായിരുന്നു എന്നു ദൈവവചനം രേഖപ്പെടുത്തിയിരിക്കുന്നത്.

ദ്രവ്യാഗ്രഹം സകലവിധ ദോഷത്തിനും കാരണമെന്നു തിരുവചനം നമ്മെ പഠിപ്പിക്കുന്നു. ദ്രവ്യം തെററല്ല. എന്നാൽ അതിനോടുള്ള ആസക്തിയാണ് തെററെന്ന് വചനം പറയുന്നത്. അതിനുദാഹരണമാണ് എലിശയുടെ വേലക്കാരനായിരുന്ന ഗേഹസി. ദ്രവ്യാഗ്രഹം ഹൃദയത്തിൽ അങ്കുരിച്ചു. വിരുദ്ധമായ പ്രവൃത്തികളിലൂടെ സമ്പാദിച്ചു. പക്ഷേ പരിണത ഫലമോ മാറാ രോഗവും ഗുരുവായ എലിശയിൽ നിന്നുള്ള വേർപാടും. പൗലോസിനോടുകൂടെയുണ്ടായിരുന്ന ദേമാസും ലോകത്തെ സ്നേഹിച്ചുപോയി. അതായത് ശരിയായ ദൈവഹിതത്തിനൊത്തു പ്രവർത്തിക്കുന്നവരുടെ കൂടെ ദൈവവിരുദ്ധ ചിന്തകളും പ്രവർത്തികളുമായി പോകുന്നവർക്ക് ഒരുമിച്ച് പോകുവാനാകയി ല്ലായെന്ന പരമസത്യം ദൈവാത്മാവ് നമ്മെ പഠി പ്പിക്കുന്നു. ദൈവം തരുന്ന നൻമകൾ നാം അനുഭവിക്കുക. അതിനപ്പുറമായി ഉണ്ടാകുന്നതും ഉണ്ടാക്കുന്നതും ദൈവീകാനുഗ്രഹങ്ങൾ അല്ല എന്നുള്ള തിരിച്ചറിവ് ദൈവജനങ്ങൾക്കുണ്ടാകുമാറാകട്ടെ.




അങ്ങനെ ജീവിക്കുന്നവർക്കും പ്രവർത്തിക്കുന്നവർക്കും മാത്രമെ യെഹസ്ക്കിയാവിനെപ്പോലെ സകലപ്രവൃത്തിയിലും കൃതാർത്ഥനായിരുന്നു എന്നു പറയുവാൻ പ്രാഗത്ഭ്യം ലഭിക്കയുള്ള. വിവിധ ഭാഗങ്ങളിൽ യെഹസ്ക്കിയാവിനെ സംബന്ധിച്ച് ഈ പദപ്രയോഗം നമുക്കു കാണുവാൻ കഴിയുന്നുണ്ട്. ഇതിനെയാണ് പ്രാഗത്ഭ്യം എന്നു പറയുന്നത്. നമുക്കും അതുണ്ടാകുവാൻ ദൈവം സഹായിക്കട്ടെ.

## യെഹസ്ക്കിയാവ് നേരിടുന്ന പരീക്ഷയും ഭാവിയിൽ നടക്കാനിരിക്കുന്ന സംഭവങ്ങളുടെ പ്രവചനവും.

**(2.ദിന.32:31 ,യെശയ്യ 39)**

യെഹസ്ക്കിയാവിന്റെ ഹൃദയത്തിലുള്ളതൊക്കെയും അറിയുവാൻ തക്കവണ്ണം ദൈവം അവനെ വിട്ടുകൊടുത്തു. ബാബേൽ പ്രഭുക്കൻമാർ യെഹസ്ക്കിയാവിന്റെ അടുക്കൽ ദൂതൻമാരെ അയച്ചു. 2.ദിന 32:31.

ദൈവഹിതപ്രകാരം ജീവിക്കുന്നവരെയും പ്രവർത്തിക്കുന്നവരെയും ദൈവം പരീക്ഷിക്കുന്നുവെന്നു ഇതിൽ നിന്നും മനസ്സിലാക്കാം. ഒരു പ്രാവശ്യം യെഹസ്ക്കിയാവിന്റെ ജീവിതത്തിൽ സംഭവിച്ച നിഗളം വീണ്ടും ആവർത്തിക്കപ്പെടുകയാണ്. ഇവിടെ നിഗളിച്ചുവെന്നു പറയുന്നില്ലെങ്കിലും അവന്റെ പ്രവൃത്തിയിലൂടെ അവ വെളിവാക്കപ്പെടുകയാണ്. അവ എന്തൊക്കെയാണ്.

1. ബാബേൽ രാജാവിന്റെ ദൂതൻമാർക്ക് ഹെസ്ക്കിയാവിന്റെ സകലവിധമായ വസ്തുക്കളുടെയും വിവരങ്ങൾ കാണിച്ചുകൊടുത്തു. (യെശയ്യ 39:2-4).

തന്റെ ജീവിതത്തിൽ ദൈവം കൊടുത്തിരിക്കുന്ന സകല നൻമകളും ബാബേൽ രാജാവിനു മുമ്പിൽ അടിയറവ് വെക്കുന്നതിനു തുല്യമായി. ഇവിടെ യെഹസ്ക്കിയാവിനു പരാജയം സംഭവിച്ചു. ഞാൻ എന്ന ഭാവത്തിൽ നിന്നും പരാജയത്തിന്റെ അവസ്ഥയുണ്ടാകുന്നു. അവ അടുത്ത ലക്കത്തിൽ ചിന്തിക്കാം. (തുടരും).

# സത്യവേദപുസ്തകം: വ്യക്തികളെയും സമൂഹങ്ങളെയും രൂപാന്തരപ്പെടുത്തുന്ന പുസ്തകം



(5)

K.V.GEORGE - PATHANAPURAM


## ബൈബിളും ... രാജ്യ നിയമങ്ങളും

**ബൈബിളിൽ ചെയ്യരുത് എന്നു വിലക്കിയിട്ടുള്ള പാപങ്ങൾ ചെയ്യാമെന്നോ ചെയ്യണമെന്നു കല്പിച്ചിട്ടുള്ള വിധികൾ ചെയ്യരുതെന്നോ അനുശാസിക്കുന്ന ഒരു ധർമ്മ ശാസ്ത്രം നിർമ്മിക്കുവാൻ ആരും ഒരിക്കലും തുനിഞ്ഞിട്ടില്ല. അപ്രകാരം അനുശാസിക്കുന്ന ഒരു സാമൂഹ്യ വ്യവസ്ഥിതി ഉണ്ടായാൽ അതിനെ സന്തോഷത്തോടെ അംഗീകരിപ്പാൻ ഒരു നിരീശ്വരൻപോലും ഉണ്ടായിരിക്കയില്ല.**

നിരവധി രാജ്യങ്ങളിലെ നിയമ സംഹിതകളിൽപ്രത്യക്ഷമായും പരോക്ഷമായും ബൈബിൾ സ്വാധീനം ചെലുത്തിയിട്ടുണ്ട്. ദൈവം ലോകത്തിന് ഒരു നീതിന്യായ ശാസ്ത്രം തന്റെ വചനത്തിൽ നൽകിയിരിക്കുന്നു. അത് എല്ലാ പരിഷ്കൃത രാജ്യങ്ങളിലെയും നിയമ സംഹിതകളെ ഏതെങ്കിലും നിലയിൽ സ്വാധീനിച്ചിട്ടുണ്ട്. അടിസ്ഥാനപരമയ നിയമം പത്ത് കല്പനകളാണെങ്കിലും മോശൈക പ്രമാണങ്ങളും പുതിയനിയമത്തിലെ പല കല്പനകളും മിക്കവാറും എല്ലാ ആധുനിക നിയമസംഹിതകളിലും സ്ഥലം പിടിച്ചിരിക്കുന്നത് കാണാം. ബൈബിളിൽ ആധേയപ്പെട്ടിരിക്കുന്ന അമേരിക്കൻ ഭരണഘടന മുതൽ പുറകോട്ട് ഇംഗ്ലീഷ് കോമൺ നിയമാവലി ബിൽ ഓഫ് റൈററ്സ് , മാഗ്നാ കാർട്ട, ജസ്റ്റീനിയൻ ബോർഡർ, റോമിലെ 12 കല്പനകൾ ബി.സി. ആറാം ശതകത്തിലെ സോളന്റെ ഗ്രീക്ക് നിയമാവലി ആദിയായ എല്ലാ ധർമ്മ സംഹിതകളും പുറപ്പാട്, ലേവ്യ, ആവർത്തന പുസ്തകങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്ന മോശൈക ന്യായപ്രമാണത്തോട് കടപ്പാടുള്ളവയാണ്. ആധുനിക രാജ്യങ്ങളിലെ സിവിലും ക്രിമിനലും ആയ പ്രധാനപ്പെട്ട നിയമങ്ങളുടെ അടിസ്ഥാനം തിരുവെഴുത്തത്രെ.

മഹാനായ ആൽഫ്രഡ് ഇംഗ്ളണ്ടിലെ രാജ്യ നിയമങ്ങളുടെ പ്രാരംഭമായി പത്തു കല്പനകളാണ് ചേർത്തത്. ബൈബിൾ എപ്പോഴും ഇംഗ്ളണ്ടിലെ പൊതു നിയമത്തിന്റെ ഒരു ഭാഗമായിരുന്നിട്ടുണ്ട് എന്ന് സുപ്രസിദ്ധ ഇംഗ്ലീഷ് ന്യായാധിപനായിരുന്ന സർ. വില്യം ബ്ളാക്ക് സ്റേറാൺ തന്റെ കമന്ററി ഓൺ ദ ലോസ് ഓഫ് ഇംഗ്ളണ്ട് എന്ന ഗ്രന്ഥത്തിൽ പ്രസ്താവിച്ചിരിക്കുന്നത് തികച്ചും ശരിയാണ്.

പ്രധാനപ്പെട്ട ക്രിമിനൽ കുററങ്ങളായ മോശ പ്രഖ്യാപിച്ചിരിക്കുന്ന അപരാധങ്ങൾ ആധുനിക കാലത്തും ശിക്ഷാർഹമായ കുററങ്ങൾ തന്നെയാണ്. യിസ്രായേലിലെ പ്രവാചകൻമാർ പ്രഘോഷിച്ച നീതി, ന്യായം, സാമ്പത്തിക സമത്വം, സാധുക്കൾക്കായുള്ള നിയമ സംരക്ഷണം എന്നീ ആദർശങ്ങൾ ആധുനിക ധർമ്മ ശാസ്ത്രത്തിലേയും ലക്ഷ്യങ്ങളത്രെ. മോശ ജനത്തിനു കൊടുത്ത ആരോഗ്യ സംരക്ഷണ നിയമങ്ങളുടെ തനി രൂപം ആധുനിക നഗരങ്ങളിലെ ആരോഗ്യ സംരക്ഷണ നിയമങ്ങളിലും കാണാവുന്നതാണ്. കരുതി കൂട്ടിയുള്ള കൊലപാതകം, മനുഷ്യവധത്തെക്കാൾ കൂടുതൽ ശിക്ഷാർഹമെന്നും, ബലാത്സംഗം, വ്യഭിചാരത്തെക്കാൾ കൂടുതൽ കുററകരമെന്നും മോശ കുററങ്ങൾ തമ്മിൽ തരംതിരിക്കുന്നത്ഇക്കാലത്തും ലോകം അംഗീകരിച്ചിരിക്കുന്നനീതിന്യായ നിയമങ്ങളത്രെ.




ബൈബിളിൽ ചെയ്യരുത് എന്നു വിലക്കിയിട്ടുള്ള പാപങ്ങൾ ചെയ്യാമെന്നോ ചെയ്യണമെന്നു കല്പിച്ചിട്ടുള്ള വിധികൾ ചെയ്യരുതെന്നോ അനുശാസിക്കുന്ന ഒരു ധർമ്മ ശാസ്ത്രം നിർമ്മിക്കുവാൻ ആരും ഒരിക്കലും തുനിഞ്ഞിട്ടില്ല. അപ്രകാരം അനുശാസിക്കുന്ന ഒരു സാമൂഹ്യ വ്യവസ്ഥിതി ഉണ്ടായാൽ അതിനെ സന്തോഷത്തോടെ അംഗീകരിപ്പാൻ ഒരു നിരീശ്വരൻപോലും ഉണ്ടായിരിക്കയില്ല.

(തുടരും)

# BETHESDA BRETHREN ASSEMBLY
## BANGALORE

### ശവസംസ്ക്കാര ശുശ്രൂഷ...

### മാന്യം, മാതൃകാപരം, ദൈവീക സാന്നിദ്ധ്യം നിഴലിക്കുന്നത്

സ്റ്റിവാർഡ്സ് അസോസിയേഷൻ ഇൻ ഇന്ത്യ മുൻ ജനറൽ സെക്രട്ടറി ശ്രീ. തോമസ് രാജന്റെ ശവസംസ്ക്കാര ശുശ്രൂഷ പരേതൻ കൂടി വന്നിരുന്ന ബാംഗ്ളൂരിലെ ബേഥേസ്ദ അസംബ്ളിയുടെ ഉത്തരവാദിത്വത്തിൽ നടന്നത് യു ട്യൂബിലൂടെ വീക്ഷിക്കുകയുണ്ടായി.

ബ്രദറൺ സമൂഹത്തിലെ വിശിഷ്യ മദ്ധ്യ തിരുവിതാംകൂറിലെ സഭകൾ പ്രായോഗികമാക്കേണ്ടുന്ന നിരവധി കാര്യങ്ങൾ പ്രസ്തുത സഭയുടെ ശുശ്രൂഷകളിൽ ഉണ്ടായിരുന്നുവെന്നു പറയാതെ വയ്യ.

കാരണം തികച്ചും മാന്യവും മാതൃകാപരവും ദൈവീക സാന്നിദ്ധ്യം നിഴലിക്കുന്നതുമായ ഒരു ശുശ്രൂഷയായി തോന്നിയതിനാൽ തന്നെ. സകലതും വളരെ അടുക്കും ചിട്ടയോടും ചന്തമായും ഉചിതമായും ക്രമീകരിച്ചു.

കൂടിവന്ന ആർക്കും ബുദ്ധിമുട്ടുവരാത്ത തരത്തിലുള്ള സമയക്ളിപ്തത. അവസരത്തിനൊ ത്ത ചെറു പ്രാർത്ഥനകൾ. കൂലിക്കു വിളിക്കുന്ന ഗായകസംഘത്തിനു പകരം സഭയുടെ ഉത്തരവാദിത്തപ്പെട്ടവർ ഏവരും ചേർന്നു ആലപിക്കുന്ന പ്രത്യാശാ ഗാനങ്ങൾ. അത്യാവശ്യമുള്ളവരെ മാത്രം ഉൾപ്പെടുത്തിക്കൊണ്ടുള്ള അനുസ്മരണ ശുശ്രൂഷകൾ.അതും വിരലിലെണ്ണാകുന്നവർ. സഭാഹാളിലെയും, സെമിത്തേരിയിലെയും ചെറുതും മാധുര്യമുള്ളതുമായ വചന ശുശ്രൂഷകൾ. വലിയ ആൾക്കൂട്ടമോ, പ്രഗത്ഭൻമാരുടെ പടകളോ ഒന്നും തന്നെയില്ല. എല്ലാം സഭ തന്നെ നിയന്ത്രിച്ചു. അങ്ങനെ ഓരോന്നും ഏററവും അഭിനന്ദനാർഹമായ നിലയിലായിരുന്നു. ഇതാണ് തിരുവചനപ്രകാരമുള്ള പ്രാദേശിക സഭയുടെ ശുശ്രൂഷകൾ എന്നു പറയുന്നത്. മിക്കവാറും ശുശ്രൂഷകൾ പ്രാദേശിക സഭയുടെ ഉത്തരവാദിത്തപ്പെട്ടവർ തന്നെ നടത്തി. ഇങ്ങനെ ചെയ്യുന്നവരെയാണ് പുതിയനിയമ സഭയു ടെ ശുശ്രൂഷകർ എന്നു പറയുന്നത്.

മാത്രമല്ല; ശുശ്രൂഷയിൽ ഇരിക്കുന്നവർ മൊബൈൽ ഫോൺ ഓഫാക്കണമെന്ന അഭ്യർത്ഥനയും ഏററവും പ്രശംസാർഹം തന്നെ. ദൈവിക സന്നിധിയിൽ അന്യാഗ്നി കത്തിക്കാതെ നടത്തിയ ശുശ്രൂഷകൾ.

ബാംഗ്ളൂരിലെ ബെഥേസ്ദാ അസംബ്ളിക്ക് ഹാപ്പിവോയ്സിന്റെ അഭിനന്ദനങ്ങൾ.

## അടിക്കുറിപ്പ്.

കേരളത്തിലെ വിശിഷ്യ മദ്ധ്യ തിരുവിതാംകൂറിലെ ഭൂരിഭാഗം ശവസംസ്ക്കാര ശുശ്രൂഷകളും ഇതിൽ നിന്നും തികച്ചും വ്യത്യസ്ഥമാണ്.

സമയം മൂന്നും നാലും മണിക്കൂറുകൾ കടക്കും. പ്രാർത്ഥിക്കുവാൻ അവസരം ലഭിക്കുന്നവർ പരേതന്റെ അല്ലെങ്കിൽ പരേതയുടെ മൂന്നു നാലു തലമുറയെയും ആദിയിലെ ആകാശ ഭൂമികളെയും ആദ്യമനുഷ്യനെയും തുടങ്ങി പുതിയാകാശ പുതിയ ഭൂമിവരെയും എത്തി നില്ക്കും. പിന്നീട് മൂലയിലിരുന്നു കൂലിക്കു വിളിക്കുന്ന പാട്ടുകാരുടെ ആലാപനമാണ്. വന്നിരിക്കുന്നവരാകട്ടെ ശ്രോതാക്കളും.

പിന്നെ നടക്കുന്ന അനുസ്മരണങ്ങളാണ് ഏറെ അസഹനീയം. കേട്ടിരിക്കുന്നവർക്ക് ഇയ്യോബിന്റെ സഹിഷ്ണുതയെക്കാളും ആവശ്യം. ഇത്തര സ്മരണകൾ കേട്ടിരിക്കുന്നതിലും ഭേദം കിടക്കുന്ന മൃതശരീരമായാൽ മതിയെന്നു ചിന്തിക്കുന്നവരും ധാരാളം. ഏതായാലും സ്മരിക്കുന്നവർ എല്ലാം ചേർന്നു ശവശരീരത്തെയും ജീവനുള്ളവരെയും അഴുകിയ ശവങ്ങളാക്കി മാററും. കഴുക്കൾ ശവങ്ങൾ കൊത്തിപ്പറിക്കുന്നതുപോലെയാണ് പല ശവസംസ്ക്കാര ശുശ്രൂഷകളിലെയും അനുസ്മരണങ്ങൾ. അഞ്ചും ആറും ഡസൺ ആൾക്കാരാണ് സ്മരിക്കുവാൻ ക്യൂവിൽ നില്ക്കുന്നത്. എത്രപേർ അനുസ്മരിക്കുന്നുവോ അത്രയും വലിയ മഹത് വ്യക്തിയെന്നാണ് ചില പൊങ്ങൻമാരും, പുതുപണക്കാരും. കുരിശും മൂട്ടിൽ കുടുംബക്കാരല്ലാത്തവരും വിചാരിക്കുന്നത്. പക്ഷേ ഇവരൊക്കെ അല്പൻമാരെന്നു മററുള്ളവർ കുശുകുശുക്കുന്നത് അർദ്ധ രാത്രിയിൽ കുട പിടിക്കുന്നവരുണ്ടോ അറിയുന്നു.

അടുത്തത് വചനപ്രഘോഷകരാണ്. മരിച്ച വ്യക്തിയുടെ സാമ്പത്തികം കണക്കാക്കിയാണ് പ്രഗത്ഭരുടെ വരവുകളും പ്രസംഗങ്ങളും. പുട്ടിനു തേങ്ങാപീരയിടുന്നതുപോലെ ചിലരുടെ വരവിനനുസരിച്ച് ചിലർക്ക് സമയം അനുവദിക്കും.മരിച്ച വ്യക്തിയെയും ജീവനോടിരിക്കുന്നവരെയും, മുൻ തലമുറകളെയും വാനോളം പുകഴ്ത്തികൊണ്ടിരിക്കും. ഇത്തര വിദൂഷക വേഷം കെട്ടുന്ന പ്രശസ്തർ നിരവധിയാണ്. സഭാഹാളിലായാലും ശവക്കോട്ടയിലായാലും കാറികൂവിയുള്ള ഒരു പ്രസംഗം.ആരെ കേൾപ്പിക്കാൻ. പിന്നെ പങ്കെടുക്കുന്നവർ വിവിധ ജാതിമത സഭാവിഭാഗങ്ങളിൽപെട്ടവരായതിനാൽ പ്രസ്തുത കുടുംബത്തോടുള്ള ബഹുമാനത്തിൽ സഹകരിക്കും.

മൊബൈൽ ഫോണിൽ കൂടെയും ടാബിൽ കൂടെയും ശുശുഷിക്കുന്നവരും പാടുന്നവരും ധാരാളം. കേരളത്തിലെ പല ശവസംസ്ക്കാര ശുശ്രൂഷകളും അല്പൻമാരുടെ ശുശ്രൂഷകളാണ്. ഇത്തര ശുശ്രൂഷകൾ നടത്തുന്നവർ അർദ്ധ രാത്രിയിൽ കുടപ്പിടിക്കുന്നവരും, സഭകളെ കുടപിടിപ്പിക്കുന്നവരുമാണ്.

ചിന്തിക്കുക. നീ അല്പനോ. ആത്മീക ശുശ്രൂഷകൾ മാതൃകാപരവും, മാന്യവും,ദൈവീക സാന്നിദ്ധ്യം നിഴലിക്കുന്നതുമാകട്ടെ. വിശുദ്ധൻമാർക്ക് യോഗ്യമായ നിലയിൽ ശവസംസ്ക്കാര ശുശ്രൂഷകൾ നടക്കട്ടെ. അങ്ങനെ ചെയ്യുവാൻ ചിലർക്കെങ്കിലും സ്വർഗ്ഗത്തിലെ ദൈവം വിവേകം നൽകട്ടെ.

(SP)

# WHICH IS THE MOST GRAVE SIN? ADULTERY OR SODOMY?

E.S.THOMAS-EDAYARANMULA

It is just like somebody asking whether it is mango or its nut most important?

I was contemplating on which is the grave sin? whether Adultery or sodomy? The answer is quiet clear from Lot who lived in the city of Sodom and Gomorrah.

When the two angels visited Lot to rescue him from the oncoming judgment, the dwellers of the city rushed to his house to pull them out of his house so that they may have them for sodomy.

At this,Lot came out and pleaded with them :touch not these men, for they have come to my house.I have two daughters who are chaste virgin, I will bring them out the door, you do with them as you wish, said Lot.

From this of his statement it is understood, sodomy is the dreadful unclean sin than that of adultery and fornication.

The judgement God brought upon the two cities explain the severity of this Sin.

Even God may forgive an adulterer if he confessed his sin, but sodomy I don't think, because it is an illicit relationship between two men contrary to the nature and Scripture.

It abhors the holiness standard of God. A person who once involved in the act of adultary can be corrected and forgiven,but I suspect, a person who practices sodomy can be corrected or not.!

All sins are sins, but the intensity and punishment of sodomy is of greater sin, perhaps be listed among the unpardonable Sins.!

So, get away from such people, especially if they are preachers of the Word of God.!! Remeber, the sin of sodomy ultimately bring ultimate destruction

## YMEF GENERAL CAMP

### പ്രസംഗകരിൽ ഒരാൾ ജഢരക്തങ്ങളോടു പോരടിക്കുന്നയാൾ ?..!!!

ആഗസ്റ്റിൽ നടക്കുവാൻ പോകുന്ന വൈ.എം. ഇ.എഫ് ജനറൽ ക്യാമ്പിലെ പ്രസംഗകരുടെ പേരുകൾ കണ്ടപ്പോൾ നിലവിലെ വൈ.എം. ഇ.എഫ് നേതൃത്വത്തിനു പരിശുദ്ധാത്മാവിന്റെ പ്രകാശനം ലഭിച്ചിട്ടില്ലായെന്നു ആർക്കും വ്യക്തമാകും. കാരണം അതിലെ ഒരാൾ ഭൗതിക വിഷയവു മായി ജഢരക്തങ്ങളുമായി പോരടിക്കുന്നയാളും,സ്വന്ത സഭവിട്ട് മറ്റൊരു സഭയിലേക്കു ചേക്കേറിയ വ്യക്തിയുമാണെന്നാണ് മനസ്സിലാകുന്നത്. ആരോപണശരങ്ങൾ കുമിഞ്ഞു കൂടിയിട്ടും പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കുവാനോ ആരോപണങ്ങൾ അടിസ്ഥാനരഹിതമെന്നു പറയുവാനോ പ്രസ്തുത വ്യക്തി തയ്യാറായിട്ടില്ല. മാത്രമല്ല,പൊതു ശുശ്രൂഷാ രംഗത്ത് തുടർന്നു കൊണ്ടിരിക്കയും ചെയ്യുന്നു. ഇതു നല്ല സന്ദേശമല്ല ദൈവജനത്തിനു നൽകുന്നത്.

ഞങ്ങൾ പേരു വെളിപ്പെടുത്താതെതന്നെ ഭൂരിഭാഗം വായനക്കാർക്കും പ്രസ്തുത വ്യക്തിയുടെ രൂപം മനസ്സിലായി കാണും. ആത്മീയരുടെ വംശനാശം വൈ.എം.ഇ. എഫിൽ പൂർണ്ണമായി സംഭവിച്ചിട്ടില്ലായെന്നാണ് ഞങ്ങൾ വിശ്വസിക്കുന്നത്. എത്രയും വേഗം പ്രശ്നങ്ങൾ പരിഹരിക്കപെടട്ടെ എന്നു ഞങ്ങൾ ആശംസിക്കുന്നു. പ്രസ്തുത വിവാദ പുരുഷനു ദൈവം കൊടുത്തിരിക്കുന്ന കഴിവുകൾ ജഢരക്തങ്ങളോടുള്ള പോരാട്ടത്തിൽ നിഷ്പ്രഭമാകാതെ ആത്മാവിന്റെ ഐക്യത സമാധാനബന്ധത്തിൽ കാത്തുകൊണ്ട് ദൈവജനത്തിനു ഒരു മാതൃകയാകുംവണ്ണം ജഢ രക്തങ്ങളുമായി നിരപ്പുപ്രാപിക്കുവാൻ മുന്നിട്ടിറങ്ങുക. അതു പ്രസ്തുത വ്യക്തിയുടെ ശുശ്രൂഷയ്ക്കും ദൈവനാമമഹത്വത്തിനും കാരണമാകും.

പലരും ശ്രമിച്ചിട്ടും പ്രശ്നപരിഹാരം വിഫലമായതാണെന്നറിയാമെങ്കിലും ദൈവത്തിന് അസാദ്ധ്യമായതൊന്നും ഇല്ല. നിലവിൽ അദ്ദേഹം കൂടിവരുന്ന സഭയ്ക്ക് പ്രശ്ന പരിഹാരം വരുത്തുവാൻ കഴിവില്ലാത്തതിനാൽ ഈ വിഷയത്തിൽ വൈ. എം. ഇ.എഫ് തന്നെ മുൻകൈ എടുക്കുക. അതിനു തന്റേടമുള്ള, ആത്മിയരായവർ വൈ, എം.ഇ. എഫിൽ വിരിലെണ്ണാവുന്നവർ എങ്കിലും ഉണ്ടെന്നാണ് ഞങ്ങൾ കരുതുന്നത്.

ഈ കുറിപ്പ് വിമർശനമായി കാണാതെ പോസററീവായി കാണുക. ദൈവം സഹായിക്കട്ടെ.

**(SP)**

# വിമർശന വീഥി ➔ സംയുക്ത ആരാധന

സംയുക്ത സഭാ യോഗമെന്ന ആശയം തിരുവചന വിരുദ്ധമാണ്. ഏതെങ്കിലും ഒരു സ്ഥലത്ത് കൺവെൻഷൻ നടത്തുക. അതിനു ചുററുമുള്ള എല്ലാ സഭകളെയും ഞായറാഴ്ച ആരാധനയ്ക്കായി ക്ഷണിക്കുക. അതാതു പ്രാദേശിക സഭകൾ അടച്ചിടുക. സംയുക്തത്തിൽ പങ്കെടുക്കാൻ സാധിക്കാത്തവർ ഭവനത്തിൽ കുത്തിയിരിക്കുക. സംയുക്തയോഗ ആതിഥേയരായവർ വർഷത്തിലൊരിക്കൽ ചുററുപാടുമുള്ള സഭകളുടെ ആർച്ച് മൂപ്പൻമാരും ശുശ്രൂഷകരുമാകുക. ഇവരാണ് സംയുക്ത യോഗ ദിവസത്തിലെ പരിശുദ്ധാത്മാവായി വേഷം കെട്ടുന്നവർ അഥവാ നിയന്ത്രിക്കുന്നവർ.

ആത്മാവിന്റെ ഐക്യത ലവലേശമില്ലെങ്കിലും കത്തൃമേശയിൽ പങ്കാളികളാകും. ധനവാൻ ധനവാനോടുകൂടെ കൂടും. സാധാരണക്കാരൻ ഇതെല്ലാം കണ്ടും കേട്ടും നോക്കി നില്ക്കും. ഹോ എന്തൊരു കൂട്ടായ്മ.ആനന്ദമെ പരമാനന്ദമെ... ഇതു സ്വർഗ്ഗീയ സന്തോഷമെ എന്നും, ഹാ..ഹാ സഹോദരർ ഒരുമിച്ചു പാടിപുകഴ്ത്തിടുവിൻ  എന്ന പാട്ടും പാടി ഒരേ വഴിക്കു പോകുന്നവരെപ്പോലും വാഹനത്തിൽ കയററാതെ പോകുന്ന അതിവിശുദ്ധൻമാരും ഇക്കൂട്ടത്തിലുണ്ട്.

പരസ്പരം പാരവെക്കുന്നവർ. നിലവിലുള്ള പ്രശ്നങ്ങൾക്കുപോലും പരിഹാരം കാണാതെ, ഹസ്തദാനം പോലും ചെയ്യാതെ, മുഖം കൊടുക്കാതെ കുത്തിയിരുന്ന് അപ്പം നുള്ളിപ്പറിക്കുന്ന വിശുദ്ധൻമാരെ ഹാ കഷ്ടം. എന്നിട്ട് സംയുക്താരാധന അനുഗ്രഹകരമായിരുന്നുവെന്നു പറയും. എന്തു സം-യുക്ത ആരാധന.

കുമ്പനാട്ടിൽ സംയുക്തത്തിന്റെ ദീപം അണഞ്ഞതുതന്നെ വചനംവിട്ടുള്ള മാനുഷിക കളികൾ കൊണ്ടാണല്ലോ.



തിരുവചനത്തിലെ പ്രഥമ സംയുക്തയോഗം സഭയുടെ ആരംഭത്തിലുണ്ടായി. (അ.പ്ര.2) പിന്നെ എവിടെയും കാണുവാൻ സാധിക്കുന്നില്ല. അതിന്റെ കാരണം വചനമറിയാവുന്നവർക്കു മനസ്സിലാകും.ഏററവും വലിയ പ്രേഷിത പ്രവർത്തകനും സ്ഥലം സഭാ സ്ഥാപകനും,ലേഖന കർത്താവുമായ പൗലോസിനു പോലും ലഭിക്കാത്ത ദർശനമാണ് ബ്രദറൺ സഭയിലെ ചില കൺവെൻഷൻ സംഘാടകർക്ക് ലഭിച്ചിരിക്കുന്നത്.

ഇത്തര യോഗങ്ങളുടെ കാരണക്കാർ നാലു തരത്തിലുള്ളവരാണ്. ഒന്ന്; ഉപദേഷ്ടാക്കൻമാരെന്നു ചിലർ വിശേഷിപ്പിക്കയും അതും ശരി ഇതും ശരിയെന്നു പറഞ്ഞു പ്രസംഗിക്കാൻ നടക്കുന്ന ഒഴുക്കിനൊത്തു നീന്തുന്ന പ്രസംഗ തൊഴിലാളികൾ. ഇവർക്കു രണ്ടുപേർ കൂടിവരുന്ന സ്വന്ത സ്ഥലം സഭപോലുമില്ലാത്തതിനാൽ ഇതേപോയി ഇതാ വന്നുവെന്നപോലെ മാത്രം. രണ്ട്: അതാതു പ്രാദേശിക സഭകളിലെ മൂപ്പൻമാർ. കമ്മററിക്കാരുടെ ഇംഗീതത്തിനു വഴങ്ങുവാൻ വിധിക്കപ്പെട്ടവരാണിവർ. മൂന്ന്; സുവിശേഷകൻമാർ. മൂപ്പൻമാർ പറയുന്നത് അനുസരിക്കാൻ നിയോഗിക്കപ്പെട്ടവരാണിവർ . നാല്: വിശ്വാസികൾ; എല്ലാം കണ്ടും കേട്ടും നെടുവീർപ്പിട്ടുകൊണ്ട് യാന്ത്രികമായി ജീവിക്കുന്നവർ.

എല്ലാവരെയും ഒരുമിച്ചു കാണുവാനുള്ള ആഗ്രഹമാണിതിനു പിന്നിലെന്നു ചില ഭക്തർ പറയുമെങ്കിലും അതിലെ അഭക്തി മററുള്ളവർക്ക് വ്യക്തം.

രണ്ടു സ്ഥലങ്ങളിൽ ഈ പ്രാവശ്യം സംയുക്ത ആരാധന ഒഴിവാക്കിയെന്നറിഞ്ഞു. അഭിനന്ദനങ്ങൾ. മററുള്ളവർക്കും ഈ കാഴ്ചപ്പാടുണ്ടാകട്ടെ.

(സൈമൺ പയ്യന്നൂർ)

# കണ്ടതും  ...  കേട്ടതും

- കല്ലിശ്ശേരി കൺവെൻഷനിലെ ഒടുക്കത്തെ ദിനത്തിലെ സംയുക്ത യോഗാനന്തരം വിളമ്പിയ ആഹാരം കഴിച്ച് നിരവധി പേർക്ക് വയറിളക്കവും ചർദിയും.

  കൺവെൻഷൻകാർക്ക് മററുള്ളവരുടെ വിമർശനങ്ങളെ തടുക്കാം , പക്ഷേ ആഹാരം കഴിച്ചവരുടെ **മൂടു തടുക്കാൻ** പററില്ലല്ലോ. ന്യൂ ഇയറിൽ ന്യൂ **വയർ** ആയി.

- ബ്രദറൺ സംഘടനാ സഭാ നേതൃത്വങ്ങളിലും.കൺവെൻഷൻ സ്റേറജുകളിലും ആത്മീയത തൊട്ടുതീണ്ടിയിട്ടില്ലാത്തവർക്ക് മുൻഗണന ലഭിക്കുന്നു.

  മദ്ധ്യതിരുവിതാം കൂറിലെ കൺവെൻഷനിൽ പ്രസംഗിക്കാനുള്ള യോഗ്യത **പരസ്ത്രീഗമന തത്തുല്യ വിഷയത്തിൽ പിടിക്കപ്പെട്ട**വരോ **മററു സമാന ഗൗരവ വിഷയങ്ങളിൽ** കളങ്കിതരോ ആയിരിക്കണം.

- മിക്കവാറും സ്ഥലങ്ങളിലെയും കൺവെൻഷൻ പ്രസംഗകർ ഒരുപോലെയായതിനാൽ വിശ്വാസികളുടെ വളർച്ച പടവലങ്ങപോലെ.

  ഉത്സവ സമയത്തു **കമ്മററി ഇച്ഛിക്കുന്ന** ചിലരെ പുരുഷാരത്തിനു വിട്ടുകൊടുക്കുന്നവരുടെ തലമുറകളിൽപ്പെട്ടവരാണിവർ.

- മരിച്ച വ്യക്തിയുടെ ഓർമ്മപ്പെരുന്നാൾ ശുശ്രൂഷകൾ പറുദീസയിലിരുന്നു പരേതന്റെ ആത്മാവ് കാണുന്നു വെന്നു ഒരു ബ്രദറുകാരൻ.

  പരേതന്റെ ആത്മാവോടു കൂടെ **അബ്രഹാമിന്റെ മടിയിലുള്ളവരെല്ലാം** കാണുന്നു എന്നു പറയാഞ്ഞത് ഭാഗ്യം. **അബ്രഹാമിന്റെ മടിയും ... കടിപ്രദേശവും** അറിയാത്തവർ ഇതൊക്കെ പറയും.

- കുമ്പനാട് ഐ.പി.സി. കൺവെൻഷനിൽ കേരള പ്രതിപക്ഷ നേതാവിന്റെ ഉജ്ജ്വലമായ തിരുവചന പ്രഘോഷണം.

  പ്രസംഗത്തിനിടയിൽ **ബബബ ശബ്ദം** ഇല്ലാതെ പ്രസംഗിക്കാമെന്നും; പ്രസംഗം **ഷോർട്ട് ആൻഡ് സ്വീററ്** ആക്കാമെന്നും പ്രതിപക്ഷ നേതാവ് പെന്തക്കോസ്തുകാരെ പഠിപ്പിച്ചു. **ബ്രദറൺ സഭകളിലെ പ്രസംഗപടുക്കളും** പ്രതിപക്ഷ നേതാവിൽ നിന്നും **ഹൊമിലിററിക്സ്** പഠിക്കണം.

- അമേരിക്കയിലെ കടലാസു യൂണിവഴ്സിററിയുടെ ഡോക്ടറേററ് ഒരു ലക്ഷംരൂപ കൊടുത്തു കൊല്ലത്തു നിന്നും പലരും വാങ്ങി.

  **പതിനായിരംപോലും** കൊടുക്കാതെ ഡോക്ടറേററു വാങ്ങിയ ബ്രദറൺ സഭയിലെ ചില മിടുമിടുക്കൻമാരെ ഇവർ കണ്ടു പഠിക്കണം. **ചില ബ്രദറൺ വേദപാഠശാലയുടെ പ്രിൻസിപ്പാൾ അടക്കം.**

- തിരുവല്ല മെഡിക്കൽ മിഷൻ ആശുപത്രിക്കു മുമ്പിൽ ബിലീവേഴ്സ് ആശുപത്രിയുടെ **NEED SECOND OPINION?** എന്ന ബോർഡ് പ്രത്യക്ഷമായി പിന്നെ അപ്രത്യക്ഷമായി.

  വിശ്വാസം അതല്ലേ എല്ലാം. പിന്നെ **SECOND OPINION** ടി.എ.എം ആശുപത്രിയെക്കുറിച്ചായിരിക്കില്ല. **നിലവിലെ ഭരണ സമതിയെക്കുറിച്ചായിരിക്കാം.**

(SP)



# GUJARAT BRETHREN GOSPEL TEAM



ഗുജറാത്തിലെ പ്രാദേശിക ഭാഷക്കാരായ സുവിശേഷകൻമാരുടെ സഹകരണത്തോടെ 2015 മുതൽ ഗുജറാത്തിലെ വിവിധ ജില്ലകളിലെ ഉൾഗ്രാമങ്ങളിൽ നടന്നു വരുന്ന ഒരു ടീം പ്രവർത്തനം

*(Village Evangelism Minisry News)*

KHEDA District.

(JANUARRY 3rd week 2023)

ഖേഡ ജില്ലയിലെ 10 ഗ്രാമങ്ങളിൽ 2023 ജനുവരി മൂന്നാം വാരത്തിൽ ഗുജറാത്ത് ബ്രദറൺ ഗോസ്പൽ ടീം നടത്തിയ അനുധാവന പ്രവർത്തനങ്ങൾ അനുഗ്രഹകരമായി പര്യവസാനിച്ചു. പ്രാർത്ഥിച്ച ഏവർക്കും നന്ദി. (സൈമൺ പയ്യന്നൂർ)













**PRAY...PRAY...PRAY**

## GUJARAT BRETHREN GOSPEL TEAM

**VILLAGE EVANGELISM MINISTRY**

**PLACE:**

**MAHISAGAR DISTRICT**

**DATE:**

**FEBRUARY 4th week 2023.**

*Then he said*
*to his disciples,*
*"The harvest is plentiful*
*but the workers are few.*
*Ask the Lord*
*of the harvest,*
*therefore,*
*to send out*
*workers*
*into his*
*harvest field."*

*Mathew . 9:37,38*



## HAPPY VOICE

**PLEASE CONTACT;**

**SIMON PAYYANUR**
**PLOT.NO.147,SECTOR.7,**
**GANDHIDHAM.370201,**
**KUTCH,GUJARAT.**
**M- 9825169406**.
e-mail:
payyanursimon@gmail.com



Edited, Lay Out & Published by Simon Payyanur at Gandhidham.